(ബി) ഈ പദ്ധതിയിൽ നിന്ന് ജലം വാങ്ങുന്ന ഉപഭോക്താക്കൾ പ്രതിമാസം എന്തു തുകവീതം വാട്ടർ ചാർജ്ജ് ആയി നൽകേണ്ടതുണ്ട്;

(സി) വാട്ടർ അതോറിറ്റിയിൽ നിന്നും വെള്ളം വാങ്ങുന്നവർ പ്രതിമാസം എന്തു തുകയാണ് വാട്ടർ ചാർജ്ജ് ആയി നൽകി വരുന്നത്;

(ഡി) ജലനിധി പദ്ധതി നിലവിലുള്ളിടത്ത് മറ്റ് ജലവിതരണ പദ്ധതികൾ പ്രവർത്തിക്കാൻ പാടില്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ഇ) ജലനിധി പദ്ധതിക്കുവേണ്ടി വെള്ളമെടുക്കുന്ന ജലസ്രോതസ്സ് വറ്റുമ്പോൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് എപ്രകാരം വെള്ളം ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1384.

(ബി) ശരാശരി 39 രൂപ.

(സി) കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന് പ്രതിമാസം ശരാശരി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലാണ് വെള്ളക്കരം ഈടാക്കുന്നത്. നിലവിലുള്ള വെള്ളക്കരനിരക്ക് അനുബന്ധമായി കൊടുത്തിരിക്കുന്നു.†

(ഡി) ഇല്ല.

(ഇ) നിലവിൽ ലഭ്യമായ സാങ്കേതിക പരിജ്ഞാനത്തിന്റെ പിൻബലത്തിൽ ആവശ്യത്തിന് ജലലഭ്യതയുള്ള സ്രോതസ്സുകളാണ് ജലനിധി പദ്ധതിക്കുവേണ്ടി തെരഞ്ഞെടുക്കപ്പെടുന്നത്. കൂടാതെ ജല സ്രോതസ്സ് വറ്റാതിരിക്കാൻ ഭൂജല സംവർദ്ധനം നടപ്പാക്കുന്നതും ഈ പദ്ധതിയുടെ ഭാഗമാണ്. ഇതിനും പുറമേ തീക്ഷ്ണമായ വരൾച്ചയിൽ സ്രോതസ്സിലെ ജലലഭ്യത കുറയാനിടയായാൽ അതിനനുപാതികമായി ഉപഭോഗം നിയന്ത്രിക്കാനുള്ള പരിശീലനവും ഗുണഭോക്താക്കൾക്ക് നൽകുന്നുണ്ട്. ഭാവിയിൽ സ്രോതസ്സ് പരാജയം ഉണ്ടാകാതിരിക്കുവാനുള്ള നടപടികളും എടുക്കുന്നതിനും അതിന് ആവശ്യമായ ധനവിനിയോഗം നടത്തുന്നതിനുമായി പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളെ ചുമതലപ്പെടുത്തുന്ന കാര്യം ആലോചിച്ചുവരുന്നു.

തമിഴ്നാടിന് ജലം നൽകുന്ന സംസ്ഥാനത്തെ ജല സ്രോതസ്സുകൾ

69 [2678] ശ്രീ. കളത്തിൽ അബ്ദുള്ള:
,, ടി. പി. എം. സാഹിർ:
,, കെ. എൻ. എ. ഖാദർ:
,, നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം ജലാശയങ്ങളിൽ നിന്നും തമിഴ്നാട്ടിലേക്ക് ജലം കൊണ്ടുപോകുന്നുണ്ട്;

† അനുബന്ധം II.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ എത്രയെണ്ണത്തിൽ നിന്നാണ് കരാർ പ്രകാരം ജലം നൽകുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) ജലം ചോർത്തൽ തടയാൻ സ്വീകരിച്ച നടപടികളും ഫലപ്രദമാണോ?

ഉത്തരം

(എ) പെരിയാറിന്റെ പോഷക നദിയായ മുല്ലയാറിൽ (മുല്ലപ്പെരിയാർ) നിന്നും തമിഴ്നാട്ടിൽ നിന്നും ഉത്ഭവിച്ച് കേരളത്തിലൂടെ ഒഴുകുന്നതും പെരിയാറിന്റെ പോഷക നദിയുമായ നീരാറിൽ നിന്നും ചാലക്കുടി പുഴയുടെ പോഷക നദികളായ ഷോളയാർ, പറമ്പിക്കുളം ആർ, തുണക്കടവ് ആർ, പെരുവാരിപ്പള്ളം ആർ എന്നിവയിൽ നിന്നും ഭാരത പുഴയുടെ പോഷക നദികളായ പാലാർ, ആളിയാർ എന്നിവയിൽ നിന്നും ഭവാനി നദിയുടെ പോഷക നദിയായ ശിരുവാണിയിൽ നിന്നും നെയ്യാറിൽ നിന്നും തമിഴ്നാടിന് ജലം നൽകുന്നുണ്ട്.

(ബി) 1886-ലെ പെരിയാർ പാട്ടക്കരാർ പ്രകാരം മുല്ലപ്പെരിയാറിൽ നിന്നും 1970-ലെ പറമ്പിക്കുളം ആളിയാർ നദീജലക്കരാർ പ്രകാരം പെരിയാർ, ഭാരതപ്പുഴ, ചാലക്കുടിപ്പുഴ എന്നീ മൂന്ന് നദികളിൽ നിന്നും പെരിയാറിന്റെ പോഷക നദിയായ നീരാറിൽ നിന്നും ചാലക്കുടി പുഴയുടെ പോഷക നദിയായ ഷോളയാർ, പറമ്പിക്കുളം ആർ, തുണക്കടവ് ആർ, പെരുവാരിപ്പള്ളം ആർ എന്നിവയിൽ നിന്നും ഭാരതപ്പുഴയുടെ പോഷക നദിയായ പാലാർ, ആളിയാർ എന്നിവയിൽ നിന്നും 1973-ലെ ശിരുവാണി കുടിവെള്ള പദ്ധതിക്കരാർ പ്രകാരം ഭവാനിയുടെ പോഷക നദിയായ ശിരുവാണിയിൽ നിന്നും തമിഴ്നാടിന് ജലം നൽകി വരുന്നു.

(സി) ഫലപ്രദമാണ്.

കടൽഭിത്തി നിർമ്മാണത്തിന് ധനകാര്യ കമ്മീഷൻ അനുവദിച്ച തുക

70 [2679] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) പതിനൊന്നും പന്ത്രണ്ടും ധനകാര്യ കമ്മീഷനുകളുടെ അവാർഡുകളിൽ സംസ്ഥാനത്തിന് എന്തൊക്കെ ആനുകൂല്യങ്ങളാണ് ലഭിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകാമോ;

(ബി) തീരപ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മാണത്തിന് ഈ അവാർഡുകളിൽ എത്ര തുക വീതമാണ് നീക്കിവച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) പതിനൊന്നാം ധനകാര്യ കമ്മീഷൻ കടൽഭിത്തി നിർമ്മാണത്തിന് സംസ്ഥാനത്തിന് അനുവദിച്ച തുക പൂർണ്ണമായും ചെലവഴിച്ച് കഴിഞ്ഞുവോ; എങ്കിൽ ആ തുക ചെലവഴിച്ചതിനെ സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(ഡി) പൂന്തുറ മുതൽ പൊഴിയൂർ വരെയുള്ള തീരപ്രദേശം സംരക്ഷിക്കുന്നതിന് എന്തൊക്കെ പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly